## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 785** **30-06-2022 - ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ കോളനികളിലെ സന്ദർശന നിയന്ത്രണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ സന്ദർശനം നടത്തുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുന്നത് സംബന്ധിച്ച് വകുപ്പ് യാതൊരു നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടില്ല. പട്ടികവർഗ മേഖലകളിലെ റിസർച്ച് പെർമിഷൻ, ഫീൽഡ് സർവ്വെ, ഇന്റേൺഷിപ്പ്, ക്യാമ്പ് സംഘടിപ്പിക്കൽ, വീഡിയോഗ്രാഫി എന്നിവയ്ക്കായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് പ്രസ്തുത പ്രവൃത്തി പട്ടികവർഗ്ഗ കുടുംബങ്ങളുടെ സ്വകാര്യതയെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തിക്കൊണ്ട് അനുമതി നൽകിവരുന്നു. ഈ മേഖലയിൽ ചില തെറ്റായ പ്രവണതകൾ ഉയർന്നുവരുന്നത് ഒഴിവാക്കുന്നതിനാണ് ഇപ്രകാരം ചെയ്തുവരുന്നത്. |
| (ബി) | പട്ടികവർഗ്ഗ കോളനികളിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി അത്തരം കോളനികൾ അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഊരുകൂട്ടം ശിപാർശ ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പും, ത്രിതല പഞ്ചായത്തുകളും വിവിധ ജില്ലകളിലെ പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു.<br><br>വകുപ്പിന്റെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി ഊരുകൂട്ട തീരുമാനപ്രകാരമുള്ള വിവിധ പദ്ധതികൾ പട്ടികവർഗ |

| | | | |
|---|---|---|---|
| | | | വികസന വകുപ്പും ത്രിതല പഞ്ചായത്തുകളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ